**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6306** **10-07-2024 - ൽ മറുപടിയ്ക്ക്**

**അനധികൃത ബോട്ട് സർവീസുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചാലിയാർ പുഴയിൽ അനധികൃതമായി സർവീസ് നടത്തുന്ന ബോട്ടുകൾ/ ടൂറിസത്തിന് ഉപയോഗിക്കുന്ന വിവിധ ജലയാനങ്ങൾ എന്നിവ നിയമപരമായ മാർഗ്ഗത്തിലൂടെ മാത്രമെ സർവീസ് നടത്താവൂ എന്ന് ഉറപ്പ് വരുത്താൻ ജലവിഭവ വകുപ്പിന് സാധിക്കുമോ; വ്യക്തമാക്കാമോ; | (എ) | ഇൻലാൻഡ് വെസ്സൽ നിയമം, 2021-ഉം അതിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും അനുസരിച്ച് ഉൾനാടൻ ജലപാതകളിലൂടെ സർവ്വീസ് നടത്തുന്ന യന്ത്രവൽകൃത യാനങ്ങളുടെ Registration, സർവ്വേ എൻഫോഴ്സ്മെന്റ് എന്നിവ നടത്തുന്നതിനാണ് കേരള മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. മതിയായ രേഖകൾ ഇല്ലാതെ സർവ്വീസ് നടത്തുന്ന ബോട്ടുകളെ കണ്ടെത്തുന്നതിന് വേണ്ടി കേരള മാരിടൈം ബോർഡിന്റെ അധികാര പരിധിയിൽ വരുന്ന 6 പോർട്ട് ഓഫ് രജിസ്ട്രികളിലും ഇൻസ്പെക്ഷൻ വിംഗ് രൂപീകരിച്ചിട്ടുണ്ട്. ടി ഇൻസ്പെക്ഷൻ വിംഗ് ടൂറിസം പോലിസിന്റെ സഹായത്തോടെ കൃത്യമായ ഇടവേളകളിൽ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുകയും, അനധികൃതമായി സർവീസ് നടത്തുന്ന ബോട്ടുകളെ പിടിച്ചുകെട്ടി, നിയമപ്രകാരം പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ചാലിയാർ പുഴയിലും അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകളെ കണ്ടെത്തുന്നതിനു വേണ്ടി ടൂറിസം വകുപ്പിന്റെയും, ജില്ലാ അധികൃതരുടെയും സഹായത്തോടുകൂടി കേരള മാരിടൈം ബോർഡിലെ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തിവരുന്നുണ്ട്. |
| (ബി) | അനധികൃത സർവീസുകൾ മൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ഇത്തരം സർവീസുകൾ തടയാൻ ജലവിഭവ വകുപ്പിന്റെ സഹായം കൂടി ആവശ്യമാണെന്ന പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുഴയിൽ സർവീസ് നടത്തുന്ന ഇത്തരം ബോട്ടുകൾ തടയുന്നതിനോ നിയമനടപടിക്ക് വിധേയമാക്കുന്നതിനോ നടപടി സ്വീകരിക്കുമോ? | (ബി) | ഇൻലാൻഡ് വെസ്സൽ നിയമം, 2021-ഉം അതിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും അനുസരിച്ച് ഉൾനാടൻ ജലപാതകളിലൂടെ സർവ്വീസ് നടത്തുന്ന യന്ത്രവൽകൃത യാനങ്ങളുടെ Registration, സർവ്വേ എൻഫോഴ്സ്മെന്റ് എന്നിവ നടത്തുന്നതിനാണ് കേരള മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. മതിയായ രേഖകൾ ഇല്ലാതെ സർവ്വീസ് നടത്തുന്ന ബോട്ടുകളെ കണ്ടെത്തുന്നതിന് വേണ്ടി കേരള മാരിടൈം ബോർഡിന്റെ അധികാര പരിധിയിൽ വരുന്ന 6 പോർട്ട് ഓഫ് രജിസ്ട്രികളിലും ഇൻസ്പെക്ഷൻ വിംഗ് രൂപീകരിച്ചിട്ടുണ്ട്. ടി |

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ഷൻ വിംഗ് ടൂറിസം പോലിസിന്റെ സഹായത്തോടെ കൃത്യമായ ഇടവേളകളിൽ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുകയും, അനധികൃതമായി സർവീസ് നടത്തുന്ന ബോട്ടുകളെ പിടിച്ചുകെട്ടി, നിയമപ്രകാരം പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ചാലിയാർ പുഴയിലും അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകളെ കണ്ടെത്തുന്നതിനു വേണ്ടി ടൂറിസം വകുപ്പിന്റെയും, ജില്ലാ അധികൃതരുടെയും സഹായത്തോടുകൂടി കേരള മാരിടൈം ബോർഡിലെ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ